128 (685) ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിൽ ഗുണഭോക്തൃ സമിതിക്കുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. ജോർജ് ജോസഫ് :

ശ്രീ. ആന്റണി രാജു :

ശ്രീ. പി.സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിൽ ഗുണഭോക്തൃ സമിതികൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൂർത്തിയാവുന്ന പണികളെക്കുറിച്ചുള്ള തർക്കംമൂലം സമിതികൾക്ക് യഥാസമയം പണം ലഭിക്കാതെ വരുന്നുണ്ടോ; എങ്കിൽ ഇതു തടയാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് പരിഹരിക്കാൻ സന്നദ്ധ സാങ്കേതികസമിതികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം നൽകുമോ:

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സാങ്കേതിക ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) സർക്കാരിന്റെ 25.1.99 ലെ സ.ഉ.(പി) നം.18/99/തദ്വേ പ്രകാരം ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട അധികാരപ്പെടുത്തിയ എൻജിനീയർമാർ രേഖപ്പെടുത്തുന്ന അളവുകളിൽ ഗുണഭോക്തൃ സമിതികൾ ഉന്നയിക്കുന്ന തർക്കങ്ങൾ ബന്ധപ്പെട്ട വിദഗ്ദ്ധ സമിതികളുടെ സാങ്കേതിക ഉപസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടാവുന്നതാണെന്ന വ്യവസ്ഥ നിലവിലുണ്ട്.

129 (686) ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലെ അഴിമതികൾ

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കൊടുമൺ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അഴിമതികളിൽ സ്റ്റേഡിയം നിർമ്മാണം, ചേന്നങ്കര-കരിമാളം, തോട് നിർമ്മാണം, വീട് അനുവദിക്കുന്നതിലെ ക്രമക്കേട് എന്നിവയിൽ എന്നാണ് അന്വേഷണത്തിന് ഉത്തരവിട്ടതെന്നും എന്നാണ് അന്വേഷണം പൂർത്തിയാക്കിയതെന്നും വ്യക്തമാക്കുമോ; അന്വേഷണം പൂർത്തിയാക്കി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ പ്രവൃത്തികളിൽ ക്രമക്കേട് നടന്നതായി തെളിഞ്ഞിട്ടുണ്ടോ; ഇതിൻപ്രകാരം എന്ത് നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ?

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(സി) ജനകീയാസൂത്രണ പദ്ധതിയിൽ ക്രമക്കേട് നടത്തിയവർക്ക് എതിരെ അടിയന്തിര ശിക്ഷണ നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly